**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഇന്ധന സർചാർജ് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്‍കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധന സർചാർജ് കണക്കാക്കുന്ന രീതി എന്താണെന്നും ഏത് കാലയളവിലെ ഇന്ധന സർചാർജ് ഈടാക്കാനാണ് റെഗുലേറ്ററി കമ്മീഷൻ ഇപ്പോൾ അനുമതി നൽകിയിട്ടുള്ളതെന്നും 2023 ഫെബ്രുവരി ഒന്ന് മുതൽ നടപ്പാക്കുന്ന ഇന്ധന സർചാർജ് വർദ്ധനവിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ; | (എ) | വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 62 (4) -ൽ, ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇന്ധന സർചാർജിലൂടെ ഈടാക്കാൻ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 62 (4) പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08.01.2010 -ൽ ഇന്ധന സർചാർജ് റെഗുലേഷൻ പുറപ്പെടുവിക്കുകയും പിന്നീടുള്ള താരിഫ് റെഗുലേഷനുകളിൽ പ്രസ്തുത ചട്ടം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം താപനിലയങ്ങളിൽ ഇന്ധനവിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് ഉത്തരവിൽ, താപ നിലയങ്ങളിൽ നിന്നും പ്രതിമാസം വാങ്ങേണ്ടുന്ന വൈദ്യുതിയുടെ അളവും നിരക്കും അംഗീകരിച്ച് നൽകുന്നുണ്ട്. ഇപ്രകാരം കമ്മീഷൻ അംഗീകരിക്കുന്ന വൈദ്യുതിയും യഥാർത്ഥത്തിൽ വാങ്ങിയ വൈദ്യുതിയും കണക്കിലെടുത്ത് ഏതാണോ കുറവ് അതിന്മേൽ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ ഇന്ധന വിലയുടെ വ്യതിയാനം കാരണമുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് റെഗുലേഷന്റെ 87- ചട്ടത്തിൽ നിഷ്കർഷിച്ച ഇന്ധന സർചാർജ് |

| | | | |
|---|---|---|---|
| | | | ഫോർമുല അനുസരിച്ച് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കെ.എസ്.ഇ.ബി.എൽ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തി വരുന്നു.<br><br>2022-23 ലെ ഒന്നാം പാദത്തിലെ (ഏപ്രിൽ 2022 മുതൽ ജൂൺ 2022 വരെയുള്ള) ഇന്ധന സർചാർജ് ഈടാക്കാനാണ് 25.1.2023 ലെ ഉത്തരവ് പ്രകാരം റെഗുലേറ്ററി കമ്മീഷൻ അനുവദിച്ച നൽകിയിട്ടുള്ളത്. 2022 ഫെബ്രുവരി ഒന്ന് മുതൽ നടപ്പാക്കുന്ന ഇന്ധന സർചാർജ് വർദ്ധനവിലൂടെ 87.07 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത് |
| (ബി) | ഇന്ധന വില വർദ്ധനയും വിലക്കയറ്റവും മൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്ന സാഹചര്യത്തിൽ ഇന്ധന സർചാർജ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | നിലവിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം താപനിലയങ്ങളിൽ ഇന്ധനവിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും ഉള്ള ചട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി.എൽ. എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ, കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. സംസ്ഥാന വൈദ്യുതി കമ്മീഷൻ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പാലിക്കാൻ വൈദ്യുതി വിതരണ കമ്പനികൾ ബാധ്യസ്ഥരാണ്. ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം വൈദ്യുതി വിതരണ കമ്പനികൾ ഉത്പാദക കമ്പനികൾക്കു ലഭ്യമാക്കണമെന്നു കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ വിതരണ കമ്പനികൾ മൊത്തം വൈദ്യുതി വാങ്ങൽ ചെലവ് സമയബന്ധിതമായി ഉത്പാദന കമ്പനികൾക്കു നൽകേണ്ടതാണ്. വിതരണ കമ്പനികൾക്ക് ഇത് യഥാസമയം പിരിച്ചെടുക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഇത് വിതരണ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയും ഇത് |

| | | | |
|---|---|---|---|
| | | | നിറവേറ്റുന്നതിനായി വായ്പയെടുക്കേണ്ടി വരികയും അത് വഴി പലിശ ചിലവുകൾ വർദ്ധിക്കുകയും ആത്യന്തികമായി താരിഫ് വർദ്ധനയ്ക്കും ഇടയാകുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് വിതരണ മേഖലയിൽ നിലവിൽ നടപ്പിൽ വരുത്തുന്ന പരിഷ്കരണ പദ്ധതിയായ RDSS പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ ഉം പങ്കാളിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഗ്രാന്റ് ലഭ്യമാക്കുന്നതിന് നിഷ്കർഷിക്കുന്ന നിർദ്ദേശങ്ങളിൽ സമയബന്ധിതമായി ഇന്ധന സർചാർജ് ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ നിലവിലെ ചട്ടങ്ങൾ പ്രകാരം നിർബന്ധമായും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഇന്ധന സർചാർജ് ഈടാക്കുവാൻ കെ.എസ്.ഇ.ബി.എൽ. ബാധ്യസ്ഥമാണ്. |

സെക്ഷൻ ഓഫീസർ